**<u>പൊതു ഭരണത്തിൻറെ പ്രാധാന്യം</u>**

ഗവൺമെൻറ് നയങ്ങൾ രൂപപ്പെടുത്തുന്നു
സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
ജനക്ഷേമം ഉറപ്പാക്കുന്നു
ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു
ഗവൺമെന്റ് നയങ്ങൾ രൂപപ്പെടുത്തുന്നു.

**<u>ഉദ്യോഗസ്ഥ വൃന്ദത്തിൻറ്റെ പ്രാധാന്യം</u>**

ശ്രേണി പരമായ സംഘാടനം , സ്ഥിരത
യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം
രാഷ്ട്രീയ നിഷ്പക്ഷത., വൈദഗ്ധ്യം.

**<u>ഈ ഗവേണൻസ്</u>**

ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗമാണ് ഈ ഗവേണൻസ്
വിവരസാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം
സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തു നിൽക്കേണ്ടതില്ല
സർക്കാർ സേവനം കുറഞ്ഞ ചെലവിലും വേഗത്തിലും ലഭിക്കുന്നു
ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിൻറ്റെ ഗുണമേന്മയും വർദ്ധിക്കുന്നു

***<u>ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ</u>***

*ചമ്പാരൻ സത്യാഗ്രഹം 1917 - ഗാന്ധിജി ഇന്ത്യയിൽ പങ്കെടുത്ത ആദ്യ സമരമാണ് ചമ്പാരൻ സത്യാഗ്രഹം .*
*ബിഹാറിലെ ചമ്പാരനിലെ നീലം കർഷകരുടെ പ്രശ്നത്തിൽ ഇടപെട്ടു ഗാന്ധിജി നിയമലംഘനവും സഹന സമരവുംപോലുള്ള സമരരീതികൾ ആണ് സ്വീകരിച്ചത്.*
*ഗാന്ധിജിയുടെ ഇടപെടൽ നീലം കർഷകർക്ക് അനുകൂലമായ നിയമം പാസാക്കാൻ അധികാരികളെ നിർബന്ധിതരാക്കി.*
*അഹമ്മദാബാദ് തുണിമിൽ സമരം 1918- പ്ലേഗ് ബോണസ് ചൊല്ലിയുള്ള 1918-ലെ അഹമ്മദാബാദ് തുണിമിൽ സമരത്തിൽ ചമ്പാരനിലെ സമരരീതികൾ ആണ് ഗാന്ധിജി സ്വീകരിച്ചത്. ഗാന്ധിജിയുടെ ഉപവാസത്തെ തുടർന്ന് അധികാരികൾ ശമ്പളവർധന സമ്മതിക്കുകയും സമരം അവസാനിക്കുകയും ചെയ്തു*

ഖേഡ കർഷക സമരം -1918 - കൃഷിനാശം മൂലം ദുരിതത്തിലായിരുന്നു ഗുജറാത്തിലെ ഖേഡയിലെ കർഷകരിൽനിന്ന് നിന്ന് നികുതി പിരിക്കാൻ തീരുമാനിച്ച അധികാരികളുടെ നയത്തിനെതിരെ ഗാന്ധിജി നികുതി നിഷേധവും സത്യാഗ്രഹവും സമരായുധങ്ങളായി ഉപയോഗിച്ചു .അതിൻറെ ഫലമായി സർക്കാർ നികുതിയിളവുകൾ നൽകാൻ തയ്യാറായി

GHSS PUTHOOR

**ഗാന്ധിജി ഇന്ത്യയിൽ നടത്തിയ ആദ്യകാല സമരങ്ങളുടെ ഫലങ്ങൾ**

ഗാന്ധിജിയുടെ സമരരീതിയും ആശയങ്ങളും സാധാരണക്കാരായ ജനങ്ങൾക്ക് പരിചയ പ്പെടാൻ അവസരം ലഭിച്ചു

വിദ്യാസമ്പന്നരായ ആളുകൾക്കിടയിൽ മാത്രമായി ഒതുങ്ങി നിന്നിരുന്ന ദേശീയപ്രസ്ഥാ നത്തിലേക്ക് സാധാരണക്കാരായ ജനങ്ങളും ആകർഷിക്കപ്പെട്ടു

പട്ടണങ്ങളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ദേശീയപ്രസ്ഥാനത്തിന് ഗ്രാമപ്രദേശങ്ങളിലും വേരോട്ടമുണ്ടായി

എല്ലാവിഭാഗം ജനങ്ങൾക്കും സ്വീകാര്യനായ ദേശീയനേതാവായി ഗാന്ധിജി മാറി

<u>നിസ്സഹകരണ സമരം</u>

ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ ആദ്യത്തെ ദേശീയ പ്രക്ഷോഭമാണ് നിസ്സഹകരണ സമരം

പ്രാദേശികമായി മാത്രം ഒതുങ്ങിനിന്നിരുന്ന സമരത്തെ ദേശീയതലത്തിൽ എത്തിക്കുന്നതിൽ നിസ്സഹകരണ സമരത്തിന് കഴിഞ്ഞു

ചൗരി ചൗരാ സംഭവത്തെ തുടർന്ന് ഗാന്ധിജി നിസ്സഹകരണ സമരം നിർത്തിവെച്ചു

**ഖിലാഫത്ത് പ്രസ്ഥാനം**

നിസ്സഹകരണസമരം നടക്കുന്ന അതേ കാലഘട്ടത്തിൽ ഇന്ത്യയിലെ ഖിലാഫത്ത് നേതാക്കളായ മൌലാനാ മുഹമ്മദലി, മൌലാനാ ഷൗക്കത്തലി എന്നിവരുടെ നേതൃത്വത്തിൽ ഖിലാഫത്ത് പ്രസ്ഥാനം ശക്തിപ്രാപിച്ചു. ഖിലാഫത്ത് പ്രസ്ഥാ നത്തെ ഇന്ത്യൻ ദേശീയപ്രസ്ഥാനത്തോടു ചേർത്തു നിർത്തിയതിലൂടെ സ്വാതന്ത്ര്യസമര ത്തിൽ മുസ്ലിങ്ങളുടെ സജീവസാന്നിധ്യം ഉറപ്പാക്കാൻ ഗാന്ധിജിക്ക് കഴിഞ്ഞു.

ഗാന്ധിജി ഖിലാഫത്ത് നേതാക്കളോടൊപ്പം ഇന്ത്യയിലുടനീളം സഞ്ചരിച്ച് തന്റെ ആശയങ്ങൾ പ്രചരിപ്പിച്ചു. തൽഫലമായി:

ബ്രിട്ടീഷ് വിരുദ്ധ വികാരം ഇന്ത്യയുടെ മുക്കിലും മൂലയിലും എത്തി

ഹിന്ദു-മുസ്ലിം ഐക്യം ശക്തിപ്പെട്ടു

**ക്വിറ്റ് ഇന്ത്യാ സമരം- 1942**

1942 ആഗസ്റ്റിൽ ബോംബെയിൽ ചേർന്ന കോൺഗ്രസ് സമ്മേളനമാണ് ക്വിറ്റ് ഇന്ത്യാ സമരത്തിന് ആഹ്വാനം ചെയ്തത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്, ഗാന്ധിജിയുടെ നേതൃത്വത്തിൽ നടത്തിയ അവസാനത്തെ ബഹുജന സമരമായിരുന്നു ക്വിറ്റിന്ത്യാ സമരം .സിവിൽ നിയമലംഘന സമരം പോലെ തന്നെ ജനകീയമായ മറ്റൊരു സമരമായിരുന്നു ക്വിറ്റിന്ത്യാ സമരം.

എല്ലാ അധികാരങ്ങളും ഇന്ത്യക്ക് കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ സമരമായിരുന്നു ഇത്

"പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്ന മുദ്രാവാക്യം ആണ് ആണ് ഗാന്ധിജി ക്വിറ്റിന്ത്യാ സമര കാലഘട്ടത്തിൽ ജനങ്ങൾക്ക് നൽകിയത്.

GHSS PUTHOOR

**ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ**

ഇന്ത്യയിൽ ഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം

വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി

രണ്ടാംലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടും എന്ന തോന്നൽ

**സുഭാഷ് ചന്ദ്രബോസ്**

**ഗാന്ധിയൻ സമരരീതികളോട് പലഘട്ടങ്ങളിലും വിയോജിപ്പ് പ്രകടിപ്പിച്ച ആളായിരുന്നു സുഭാഷ് ചന്ദ്രബോസ്. കോൺഗ്രസ് വിട്ട അദ്ദേഹം "ഫോർവേഡ് ബ്ലോക്ക്" എന്ന രാഷ്ട്രീയ പാർട്ടിക്ക് രൂപം നൽകി. പിന്നിട് ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി റാഷ് ബിഹാരി ബോസ് രൂപീകരിച്ച "ഇന്ത്യൻ നാഷണൽ ആർമി" യുടെ നേതൃത്വം അദ്ദേഹം ഏറ്റെടുത്തു. സിംഗപ്പൂരിൽ വച്ച് സ്വതന്ത്രഭാരതത്തിന് ഒരു താൽക്കാ ലിക ഗവൺമെന്റ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ രൂപി കരിച്ചു. ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽനിന്ന് തുരത്തിയോടിക്കാനുള്ള സമരം നടത്തുക എന്നതായിരുന്നു താൽക്കാലിക ഗവൺമെന്റിന്റെ പ്രധാന ചുമതല. ഇന്ത്യൻ നാഷണൽ ആർമിയുടെ വനിതാവിഭാഗമായി ഝാൻസി റാണി റെജിമെന്റ് രൂപീകരിച്ചു. ഇതിന്റെ ചുമതല മലയാളിയായ ക്യാപ്റ്റൻ ലക്ഷ്മിക്കായിരുന്നു. ജപ്പാന്റെ സഹായത്തോടെ സുഭാഷ് ചന്ദ്രബോസിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ നാഷണൽ ആർമി ഇന്ത്യയുടെ വടക്കുകിഴക്കൻ അതിർത്തി വരെ എത്തുകയും ഇംഫാലിൽ ദേശീയപതാക ഉയർത്തുകയും ചെയ്തു.**

**നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള സംയോജനം**

**നാട്ടുരാജ്യങ്ങളുടെ ഇന്ത്യൻ യൂണിയനിലേക്കുള്ള സംയോജനവുമായി ബന്ധപ്പെട്ട വകുപ്പിന്റെ ചുമതലയുള്ള മന്ത്രി സർദാർ വല്ലഭ്ഭായ് പട്ടേലിനായിരുന്നു.**

**സ്റ്റേറ്റ്സ് ഡിപാർട്ട്മെന്റിന്റെ സെക്രട്ടറിയായി മലയാളിയായ വി.പി. മേനോനെ വല്ലഭ്ഭായ് പട്ടേൽ നിയമിച്ചു.**

**നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ ലയിപ്പിക്കുന്നതിന് പട്ടേലും വി.പി മേനോനും ചേർന്ന് ഒരു ലയനക്കരാർ തയാറാക്കി.**

**അതനുസരിച്ച് പ്രതിരോധം, വിദേശകാര്യം, വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം നാട്ടുരാജ്യങ്ങൾ കേന്ദ്രസർക്കാരിന് കൈമാറണം.**

**ജനകീയപ്രതിഷേധങ്ങളും ഇന്ത്യാ ഗവൺമെന്റിന്റെ പ്രായോഗികസമീപനങ്ങളുംമൂലം ഭൂരിഭാഗം നാട്ടുരാജ്യങ്ങളും ലയനക്കരാറിൽ ഒപ്പുവച്ച് ഇന്ത്യൻ യൂണിയനിൽ ചേർന്നു. എന്നാൽ ഹൈദരാബാദ്, കാശ്മീർ, ജുനഗഡ് എന്നീ നാട്ടുരാജ്യങ്ങൾ ഇന്ത്യൻ യൂണിയനിൽ ചേരാൻ വിസമ്മതിച്ചു. പിന്നീട് അനുരഞ്ജനത്തിലൂടെയും സൈനികനടപടിയിലൂടെയും രാജ്യങ്ങളെ ഇന്ത്യൻ യൂണിയനിൽ കൂട്ടിച്ചേർത്തു.**

GHSSPUTHOOR

## സ്വാതന്ത്ര്യാനന്തര ഇന്ത്യ ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ നേടിയ പുരോഗതി

ആധുനികശാസ്ത്രത്തിന്റെ ആരാധകനായിരുന്ന നെഹ്റുവിന്റെ നേതൃത്വത്തിൽ ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ ഇന്ത്യ അഭൂതപൂർവമായ നേട്ടങ്ങൾ കൈവരിച്ചു.

ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതി ,ഇന്ത്യൻ കാർഷിക ഗവേഷണ സമിതി , ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി തുടങ്ങി നിരവധി ഗവേഷണസ്ഥാപനങ്ങൾ നിലവിൽ വന്നു.

ശാസ്ത്ര-വ്യാവസായിക ഗവേഷണ സമിതിയുടെ പദ്ധതികൾക്ക് നേതൃത്വം നൽകിയത് ഹോമി ജഹാംഗീർ ഭാഭയും എസ്.എൻ. ഭട്നാഗറുമായിരുന്നു.

ഹോമി ജഹാംഗീർ ഭാഭ നേതൃത്വം നൽകിയ ശാസ്ത്രസ്ഥാപനങ്ങളാണ് ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്, ഇന്ത്യൻ ആണവോർജകമ്മീഷൻ എന്നിവ.

ലോകോത്തര നിലവാരമുള്ള നിരവധി എൻജിനീയറിങ് വിദ്യാലയങ്ങൾ അക്കാലത്ത് സ്ഥാപിതമായി.

5 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ (IIT) 1954 നും 1964 നും ഇടയ്ക്ക് സ്ഥാപിക്കുകയുണ്ടായി.

തുടർന്ന് മെഡിക്കൽ വിദ്യാഭ്യാസം, ബയോമെഡിക്കൽ എൻജിനീയറിങ്, ജനിതകശാസ്ത്രം, ജൈവസാങ്കേതികവിദ്യ, ആരോഗ്യം, ഗതാഗതം, സമുദ്രഗവേഷണം, വിവരസാങ്കേതികവിദ്യ, ആണവോർജം എന്നീ മേഖലകളിൽ ഇന്ത്യ വൻനേട്ടം കൈവരിച്ചു.

## ദേശീയ വിദ്യാഭ്യാസ നയം 1986

1986 ൽ ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചു. പുതിയ സഹസ്രാബ്ദത്തിലേക്ക് ഇന്ത്യയെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇത് നടപ്പിലാക്കിയത്.

1986 ലെ ദേശീയ വിദ്യാഭ്യാസനയത്തിന്റെ പ്രധാന നിർദേശങ്ങൾ

പ്രാഥമികവിദ്യാഭ്യാസത്തിനും തുടർവിദ്യാഭ്യാസത്തിനും പ്രാധാന്യം നൽകണം.

പ്രൈമറി തലത്തിൽ വിദ്യാഭ്യാസം സാർവത്രികമാക്കാനും സ്കൂളുകളിലെ ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്താനും "ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്" പദ്ധതി നടപ്പിലാക്കണം.

ഓരോ ജില്ലയിലും നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കണം.

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം.

GHSS PUTHOOR

**ഇന്ത്യയുടെ വിദേശനയം**

സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപപ്പെടുത്തിയ വിദേശനയമാണ് സ്വാതന്ത്ര്യാനന്തര ഇന്ത്യ സ്വീകരിച്ചത്.

ഇന്ത്യൻ വിദേശനയത്തിന്റെ മുഖ്യ ശില്പി ജവഹർലാൽ നെഹ്റു ആണ്.

ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്ത്വങ്ങൾ

സാമ്രാജ്യത്വത്തോടും കൊളോണിയൽ വ്യവസ്ഥയോടുമുള്ള എതിർപ്പ്,

വംശീയവാദത്തോടുള്ള വിദ്വേഷം.

ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം.

സമാധാനപരമായ സഹവർത്തിത്വം.

പഞ്ചശീലതത്ത്ങ്ങൾ

വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ.

ചേരിചേരായ്മ

**പഞ്ചശീലതത്ത്വങ്ങൾ**

1954 ൽ ചൈനയുമായി അതിർത്തിത്തർക്കം ഉണ്ടായപ്പോൾ ഇന്ത്യ ചൈനയുമായി ഒപ്പിട്ട കരാറാണ് പഞ്ചശീലതത്ത്വങ്ങൾ.

ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൌ എൻ ലായിയുമാണ് സംയുക്ത പ്രസ്താവനയിൽ ഒപ്പുവച്ചത്.

രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക.

പരസ്പരം ആക്രമിക്കാതിരിക്കുക.

അഭ്യന്തരകാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക.

സമത്വവും പരസ്പരസഹായവും പുലർത്തുക.

സമാധാനപരമായ സഹവർത്തിത്വം പാലിക്കുക.

**വിദ്യാഭ്യാസവും മാനവശേഷി വികസനവും**

വിദ്യാഭ്യാസം നേടുന്നതിലൂടെ

വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു.

സാങ്കേതികവിദ്യകൾ ഉപയോഗിക്കാനുള്ള അറിവ് ലഭിക്കുന്നു.

മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു.

ജീവിതനിലവാരം ഉയരുന്നു.

GHSS PUTHOOR

**ഇന്ത്യയിൽ വിദ്യാഭ്യാസരംഗംനേരിടുന്ന പ്രശ്നങ്ങൾ**

പ്രാഥമികവിദ്യാഭ്യാസം പൂർത്തിയാക്കാതെ ഒരു വിഭാഗം വിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്.

വിദ്യാഭ്യാസമേഖലയിൽ അടിസ്ഥാനസൌകര്യങ്ങളുടെ ലഭ്യതക്കുറവുണ്ട്.

വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്.

**ആരോഗ്യമുള്ള വ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു**

തൊഴിൽ ദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത വർധിക്കുന്നതുകൊണ്ടും ഉൽപ്പാദനം കൂടും.

പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും.

ചികിത്സച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തികച്ചെലവ് കുറയ്ക്കാനും കഴിയും.

ഉൽപ്പാദനവർധനവിലൂടെ സാമ്പത്തികവികസനം സാധ്യമാകും.

**ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൌകര്യങ്ങൾ**

പോഷകാഹാരലഭ്യത

ശുദ്ധജല ലഭ്യത

രോഗ പ്രതിരോധ സംവിധാനങ്ങൾ

ശുചിത്വപരിപാലനം

ചികിത്സാസൗകര്യങ്ങൾ

വിശ്രമവും വിനോദവും ഉറപ്പുവരുത്തൽ

ആരോഗ്യകരമായ പരിസ്ഥിതി

**ഹിമാദ്രി**

ഏറ്റവും ഉയരം കൂടിയ നിര.

ശരാശരി ഉയരം 6000 മീറ്റർ.

ഗംഗ, യമുന എന്നീ നദികളുടെ ഉത്ഭവസ്ഥാനം.

8000 മീറ്ററിനു മുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ സ്ഥിതി ചെയ്യുന്നു.

(ഉദാ: കാഞ്ചൻജംഗ, നന്ദാദേവി)

**ഹിമാചൽ**

ഹിമാദ്രിയുടെ തെക്കുഭാഗത്തായി സ്ഥിതിചെയുന്നു.

ശരാശരി ഉയരം 3000 മീറ്റർ.

ഷിംല, ഡാർജിലിങ് തുടങ്ങിയ സുഖവാസകേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു.

GHSS PUTHOOR

**സിവാലിക്**

ഹിമാചലിനു തെക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നു.

ശരാശരി ഉയരം 1220 മീറ്റർ.

ഹിമാലയൻ നദികൾ ഈ പർവതനിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ പലയി

ടങ്ങളിലും തുടർച്ച നഷ്ടപ്പെടുന്നു.

നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു.

ഇവയെ ഡൂണുകൾ എന്നു വിളിക്കുന്നു.

ഉദാ :ഡെറാഡൂൺ

**ഉത്തരപർവത മേഖലയുടെ പ്രാധാന്യം**

പുരാതനകാലം മുതൽതന്നെ വടക്കുപടിഞ്ഞാറുനിന്നുള്ള വൈദേശിക ആക്രമണങ്ങളിൽ

നിന്ന് ഒരു പരിധിവരെ നമ്മെ സംരക്ഷിച്ചുപോരുന്നു.

ശൈത്യകാലത്ത് വടക്കുനിന്നു വീശുന്ന വരണ്ട ശീതക്കാറ്റിനെ ഇന്ത്യയിലേക്കു

കടക്കാതെ ചെറുക്കുന്നു.

വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി.

നദികളുടെ ഉത്ഭവപ്രദേശം.

**ഉപദ്വീപീയ പീഠഭൂമി**

ഉറപ്പേറിയ ശിലകളാൽ നിർമ്മിതമായ ഉപദ്വീപീയ പീഠഭൂമി ഇന്ത്യയിലെ ഏറ്റവും
വിസ്തൃതവും പഴക്കം ചെന്നതുമായ ഭൂവിഭാഗമാണ്

ഏകദേശം 15 ലക്ഷം ചതുരശ്ര കിലോമീറ്റർ വ്യാപിച്ചുകിടക്കുന്നു

പർവതങ്ങൾ ,പീഠഭൂമികൾ,താഴ്വരകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ്
ഇവിടെയുള്ളത്

ഈ മേഖലയിലെ ഏറ്റവും ഉയരമേറിയ കൊടുമുടി ആന മുടിയാണ്

വിവിധതരം ധാതുക്കളുടെ ഒട്ടനവധി നിക്ഷേപങ്ങൾ ഈ മേഖലയിൽ ഉള്ളതിനാൽ
ഉപദ്വീപീയ പീഠഭൂമിയെ ധാതുക്കളുടെ കലവറ എന്ന് വിളിക്കുന്നു

**ഹിമാലയൻ നദികൾ**

ഹിമാലയപർവതനിരകളിൽ നിന്നുത്ഭവിക്കുന്നു.

അതിവിസ്തൃതമായ വൃഷ്ടിപ്രദേശം

അപരദനതീവ്രത കൂടുതൽ

പർവതമേഖലകളിൽ ഗിരികന്ദരങ്ങൾ സൃഷ്ടിക്കുകയും സമതലങ്ങളിൽ വളഞ്ഞുപുളഞ്ഞ്

ഒഴുകുകയും ചെയ്യുന്നു.

ഉയർന്ന ജലസേചനശേഷി

സമതലപ്രദേശങ്ങളിൽ ഉൾനാടൻ

ജലഗതാഗതത്തിന് സാധ്യത.

GHSS PUTHOOR

**ഉപദ്വീപീയ നദികൾ**

ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്നുത്ഭവിക്കുന്നു.

താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടി പ്രദേശം.

അപരദനതീവ്രത താരതമ്യേന കുറവ്.

കാഠിന്യമേറിയ ശിലകളിലൂടെ ഒഴുകുന്നതിനാൽ അഗാധ താഴ്വരകൾ സൃഷ്ടിക്കപ്പെടുന്നില്ല.

കുറഞ്ഞ ജലസേചനശേഷി.

ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ്.

**പടിഞ്ഞാറൻ തീരസമതലം**

അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ.

റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ.

താരതമ്യേന വീതി കുറവ്.

ഗുജറാത്ത് തീരസമതലം, കൊങ്കൺതീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം.

കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു.

**കിഴക്കൻ തീരസമതലം**

ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ.

സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ.

വീതി താരതമ്യേന കൂടുതൽ.

കോറമണ്ഡൽ തീരസമതലം, വടക്കൻ സിർകാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം.

ഡെൽറ്റ രൂപീകരണം നടക്കുന്നു.

**അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിലേക്ക് നയിച്ച സാഹചര്യങ്ങൾ**

ബ്രിട്ടീഷ് കോളനി ഭരണം

വ്യാവസായിക ലാഭത്തിനു വേണ്ടി ബ്രിട്ടീഷുകാർ കോളനികളിൽ നടപ്പിലാക്കിയ മെർക്കൻറ്റലിസം എന്ന വാണിജ്യ നയം

മെർക്കൻറ്റലിസത്തിൻറ്റെ ഭാഗമായി നടപ്പിലാക്കിയ നിയമങ്ങൾ

പുതിയ നികുതി നയങ്ങൾക്കെതിരെയുള്ള പ്രതിഷേധം

ജോൺ ലോക്ക് തോമസ് പെയിൻ തുടങ്ങിയ ചിന്തകരുടെ സ്വാധീനം

GHSS PUTHOOR

**<u>ലോകചരിത്രത്തിൽ അമേരിക്കൻ സ്വാതന്ത്ര്യസമരത്തിൻറ്റെ സ്വാധീനം</u>**

പിൽക്കാല സ്വാതന്ത്ര്യസമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനവും ലക്ഷ്യബോധവും നൽകി.

റിപ്പബ്ലിക്കൻ ഭരണരീതി എന്ന ആശയം മുന്നോട്ടു വച്ചു.

ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയാറാക്കി.

സംസ്ഥാനങ്ങൾക്ക് സ്വാതന്ത്ര്യവും അധികാരവും നൽകുന്ന ഫെഡറൽ രാഷ്ട്രം എന്ന ആശയം ലോകത്തിനു നൽകി.

**<u>ഫ്രഞ്ച് വിപ്ലവത്തിൻറെ കാരണങ്ങൾ</u>**

**ബൂർബൺ രാജാക്കന്മാരുടെ ഏകാധിപത്യഭരണം**

**രാജാക്കന്മാരുടെ ആഡംബരവും ധൂർത്തും നിറഞ്ഞ ജീവിതം**

**സമൂഹത്തെ മൂന്ന് എസ്റ്റേറ്റുകളായി തിരിച്ചുള്ള സാമൂഹിക - സാമ്പത്തിക അസമത്വം**

**വോൾട്ടയർ, റൂസോ, മോണ്ടെസ്ക്യൂ തുടങ്ങിയ ചിന്തകന്മാരുടെ സ്വാധീനം**

**ഫ്രാൻസിലെ സാമ്പത്തിക തകർച്ച**

**<u>ഫ്രഞ്ച് സമൂഹത്തിലെ സാമൂഹിക അസമത്വം</u>**

ഫ്രഞ്ച് സമൂഹത്തെ മൂന്നു തട്ടുകളായി തിരിച്ചിരുന്നു . അവ എസ്റ്റേറ്റുകൾ എന്നാണ് അറിയപ്പെട്ടിരുന്നത്.

ഒന്നാം എസ്റ്റേറ്റ്- പുരോഹിതന്മാർ അടങ്ങിയതായിരുന്നു ഒന്നാം എസ്റ്റേറ്റിനെ എല്ലാതരത്തിലുമുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ഭരണത്തിലേയും സൈന്യത്തിലേയും ഉയർന്ന പദവികൾ നിയന്ത്രിച്ചിരുന്നത പുരോഹിതന്മാർ ആയിരുന്നു. ധാരാളം ഭൂപ്രദേശം കൈവശം വച്ചിരുന്ന ഇവർ കർഷകരിൽ നിന്നും തിഥെ എന്ന് പേരുള്ള നികുതി പിരിച്ചു.

രണ്ടാം എസ്റ്റേറ്റ്- പ്രഭുക്കന്മാർ അടങ്ങിയ രണ്ടാമത്തെ എസ്റ്റേറ്റ് ആഡംബര ജീവിതം നയിച്ചു എല്ലാതരത്തിലുമുള്ള നികുതികളിൽ നിന്നും ഒഴിവാക്കപ്പെട്ട ഇവർ വിശാലമായ ഭൂപ്രദേശം കൈവശം വച്ചു. സൈനികസേവനം നടത്തിയിരുന്ന പ്രഭുക്കന്മാർ കർഷകരിൽ നിന്നും വിവിധ തരത്തിലുള്ള നികുതികൾ പിരിച്ചു.

മൂന്നാം എസ്റ്റേറ്റ് - കച്ചവടക്കാരൻ എഴുത്തുകാർ അഭിഭാഷകർ തുടങ്ങിയ മധ്യവർഗവും, കർഷകരും കൈത്തൊഴിലുകളും അടങ്ങിയ അടങ്ങിയവരായിരുന്നു മൂന്നാമത്തെ എസ്റ്റേറ്റ്

താഴ്ന്ന സാമൂഹികപദവി ഉണ്ടായിരുന്ന ഇവർ പ്രഭുക്കന്മാർക്കും പുരോഹിതന്മാർക്കും നികുതി നൽകണമായിരുന്നു . ഭരണത്തിൽ യാതൊരു അവകാശവും ഇവർക്ക് ഉണ്ടായിരുന്നില്ല

GHSS PUTHOOR

**ഫ്രഞ്ച് വിപ്ലവത്തിൻറെ സ്വാധീനങ്ങൾ**

പിൽക്കാലത്ത് ലോകത്തുണ്ടായ എല്ലാ വിപ്ലവങ്ങൾക്കും ആവേശംപകർന്നു

യൂറോപ്പിൽ ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യം കുറിക്കുകയും സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണി ആവുകയും ചെയ്തു

രാജ്യം എന്നാൽ പ്രദേശമല്ല രാജ്യത്തെ ജനങ്ങളാണ് എന്ന് പ്രഖ്യാപിച്ചു

ജനകീയ പരമാധികാരം എന്ന ആശയം മനുഷ്യരാശിക്ക് നൽകി

ദേശീയതയുടെ ആവിർഭാവത്തിനു വഴിയൊരുക്കി

മധ്യവർഗത്തിൻ്റെ വളർച്ചയെ സഹായിച്ചു

സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ ആശയങ്ങൾക്ക് പ്രചാരം ലഭിച്ചു

**നെപ്പോളിയൻ നടപ്പിലാക്കിയ ഭരണ പരിഷ്കാരങ്ങൾ**

പൊതുകടം ഇല്ലാതാക്കാൻ സിങ്കിങ് ഫണ്ട് എന്ന പേരിൽ ഒരു പ്രത്യേക ഫണ്ട് രൂപീകരിച്ചു

സാമ്പത്തികപ്രവർത്തനങ്ങൾക്കായി  ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു

ഗതാഗതപുരോഗതിക്കായി നിരവധി റോഡുകൾ നിർമിച്ചു.

നിലവിലുള്ള നിയമങ്ങൾ ക്രോഡീകരിച്ച് ഒരു പുതിയ നിയമ സംഹിതയുണ്ടാക്കി

കർഷകരെ കൃഷിഭൂമിയുടെ ഉടമകളാക്കി

പുരോഹിതന്മാരുടെമേൽ രാജ്യത്തിന്റെ നിയന്ത്രണം ഏർപ്പെടുത്തി

**റഷ്യയെ വിപ്ലവത്തിലേക്ക് നയിച്ച സാമൂഹിക സാഹചര്യങ്ങൾ**

**റഷ്യ ഭരിച്ചിരുന്ന സാർ ചക്രവർത്തിമാരുടെ ഏകാധിപത്യത്തിനുകീഴിൽ കർഷകരും ഫാക്ടറിത്തൊഴിലാളികളും ദുരിതപൂർണമായ ജീവിതമാണ് നയിച്ചത്.**

**റഷ്യയുടെ കാർഷികമേഖലയിലെ കുറഞ്ഞ ഉൽപ്പാദനം കർഷകരുടെ വരുമാനത്തെ ബാധിച്ചു. കൂടാതെ ഭൂരഹിതരായ അവർ നികുതിഭാരവും വഹിക്കേണ്ടിവന്നു.**

**പ്രകൃതിവിഭവങ്ങൾകൊണ്ട് സമ്പന്നമായിരുന്ന റഷ്യയുടെ വ്യാവസായികോൽപ്പാദനം തുച്ഛമായിരുന്നു. ഉള്ള വ്യവസായങ്ങളിൽ ഭൂരിഭാഗവും വിദേശികളാണു നിയന്ത്രിച്ചിരുന്നത്.**

**റഷ്യൻ വിപ്ലവത്തിന്റെ ഫലങ്ങൾ**

ഒന്നാം ലോകയുദ്ധത്തിൽ നിന്നു റഷ്യ പിന്മാറി

ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്തു

പൊതു ഉടമസ്ഥതയ്ക്ക് പ്രാധാന്യം കൊടുത്തു

കേന്ദ്രീകൃത ആസൂത്രണം നടപ്പിലാക്കി

സാമ്പത്തിക-ശാസ്ത്ര-സാങ്കേതികരംഗങ്ങളിൽ പുരോഗതി കൈവരിച്ചു

1924 ൽ പുതിയ ഭരണഘടന നിലവിൽ വന്നു. സോവിയറ്റ് റിപ്പബ്ലിക്കുകൾ കൂടിച്ചേർന്ന് സോവിയറ്റ് യൂണിയൻ  രൂപീകരിക്കപ്പെടുകയും ചെയ്തു

ലോകത്തിലെ വിവിധ ഭാഗങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ വ്യാപകമായി

GHSS PUTHOOR

**ഋതു വ്യത്യാസങ്ങൾക്ക് കാരണം**

പരിക്രമണം , അച്ചുതണ്ടിൻറ്റെ ചരിവ് , അച്ചുതണ്ടിൻറ്റെ സമാന്തരത

**വിഷുവങ്ങൾ**

സൂര്യൻ ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ ആയിരിക്കുമ്പോൾ ഉത്തരാർദ്ധഗോളത്തിലും ദക്ഷിണാർദ്ധഗോളത്തിലും തുല്യഅളവിൽ സൂര്യപ്രകാശം ലഭിക്കുന്നു. പരിക്രമണ വേളയിൽ സൂര്യൻറെ ആപേക്ഷിക സ്ഥാനം ഭൂമധ്യരേഖയ്ക്ക് നേർമുകളിൽ ആകുന്നത് മാർച്ച് 21 സെപ്റ്റംബർ 23 എന്നീ ദിനങ്ങളിലാണ്. അതുകൊണ്ടുതന്നെ ഈ ദിനങ്ങളിൽ രണ്ട് അർദ്ധ ഗോളങ്ങളിലും രാത്രിയുടെയും പകലിൻ്റെയും ദൈർഘ്യം തുല്യമായിരിക്കും. ഈ ദിനങ്ങളെ സമരാത്ര ദിനങ്ങൾ അഥവാ വിഷുവങ്ങൾ എന്ന് വിളിക്കുന്നു.

**ഗ്രീഷ്മ അയനാന്തദിനം**

മാർച്ച് 21 മുതൽ മധ്യരേഖയിൽ നിന്നും വടക്കോട്ട് അയനം ചെയ്ത് ജൂൺ 21 ന് സൂര്യൻ ഉത്തരായന രേഖയ്ക്ക് നേർമുകളിലെത്തുന്നു. ഈ ദിനത്തെ ഉത്തരാർദ്ധഗോള ത്തിൽ ഗ്രീഷ്മ അയനാന്തദിനം എന്ന് വിളിക്കുന്നു. ഉത്തരാർദ്ധഗോളത്തിൽ ഏറ്റവും ദൈർഘ്യമുള്ള പകലും, ഏറ്റവും ഹ്രസ്വമായ രാതിയും അനുഭവപ്പെടുന്നത് ഈ ദിനത്തിലാണ്.

**വസന്തകാലം**

മാർച്ച് 21 മുതൽ ജൂൺ 21 വരെ ഉത്തരാർദ്ധഗോളത്തിൽ പൊതുവെ വസന്തകാലമായിരിക്കും . ശൈത്യകാലത്തിൽ നിന്നും വേനൽക്കാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണിത്. ചെടികൾ തളിർക്കുന്നതും, പുഷ്പിക്കുന്നതും, മാവുപൂക്കുന്നതും, പ്ലാവുകളിൽ ചക്കയുണ്ടാകുന്നതുമൊക്കെ വസന്തകാലത്തിന്റെ സവിശേഷതയാണ്.

**ശൈത്യ അയനാന്തദിനം**

സെപ്റ്റംബർ 23 മുതൽ മധ്യരേഖയിൽ നിന്നും തെക്കോട്ട് അയനം തുടരുന്ന സൂര്യൻ ഡിസംബർ 22 ന് ദക്ഷിണായനരേഖയ്ക്ക് നേർമുകളിലെത്തുന്നു. ഈ ദിനത്തെ ഉത്തരാർ ദ്ധഗോളത്തിൽ ശൈത്യ അയനാന്തദിനം എന്ന് വിളിക്കുന്നു. ഈ ദിവസം ഉത്തരാർദ്ധ ഗോളത്തിൽ ഏറ്റവും ചെറിയ പകലും ഏറ്റവും ദൈർഘ്യമുള്ള രാത്രിയും അനുഭവപ്പെടുന്നു.

GHSS PUTHOOR

**ഹേമന്തകാലം**

സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ ഉത്തരാർദ്ധഗോളത്തിൽ ഹേമന്തകാലമാണ്. വേനൽക്കാലത്തിന്റെ തീക്ഷ്ണതയിൽ നിന്ന് ശൈത്യകാലത്തിലേക്കുള്ള മാറ്റത്തിന്റെ കാലമാണ് ഹേമന്തകാലം. ഈ കാലയളവിൽ അന്തരീക്ഷ ഊഷ്മാവ് ഗണ്യമായി കുറയുന്നു. പകലിന്റെ ദൈർഘ്യം കുറഞ്ഞ് വരികയും രാത്രിയുടെ ദൈർഘ്യം കൂടുകയും ചെയ്യുന്നു. മരങ്ങൾ പൊതുവെ ഇലപൊഴിക്കുന്ന കാലമാണിത്. വരാനിരിക്കുന്ന വരണ്ടശൈത്യകാലത്തെ അതിജീവിക്കാനുള്ള തയാറെടുപ്പാണ് ഈ ഇലപൊഴിക്കൽ.

**ഗ്രീനിച്ച് രേഖ**

പൂജ്യം ഡിഗ്രി രേഖാംശരേഖയെ ഗ്രീനിച്ച് രേഖന്നറിയപ്പെടുന്നു. ഇംഗ്ലണ്ടിലെ റോയൽ ബ്രിട്ടീഷ് വാനനിരിക്ഷണശാല സ്ഥിതിചെയ്യുന്ന ഗ്രീനിച്ച് എന്ന സ്ഥലത്തുകൂടി കടന്നുപോകുന്നതിനാലാണ് ഈ രേഖയ്ക്ക് ഗ്രീനിച്ച് രേഖ എന്ന പേര് നൽകപ്പെട്ടത്

ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കിയാണ് ലോകത്ത് എവിടെയുമുള്ള സമയം നിർണയിക്കപ്പെടുന്നത് എന്നതിനാൽ ഈ രേഖ പ്രൈം മെറീഡിയൻ എന്നും വിളിക്കപ്പെടുന്നു. ഗ്രീനിച്ച് രേഖയിലെ പ്രാദേശികസമയത്തെ ഗ്രീനിച്ച് സമയം എന്നു പറയുന്നു. ഗ്രീനിച്ച് രേഖയെ അടിസ്ഥാനമാക്കി ഒരുമണിക്കൂർ വീതം സമയവ്യത്യാസമുള്ള 24 മേഖലകളായിലോകത്തെ തിരിച്ചിരിക്കുന്നു. ഇവ സമയമേഖലകൾ എന്ന് അറിയപ്പെടുന്നു.

**സ്റ്റാൻഡേർഡ് സമയം**

ഓരോ രേഖാംശത്തിലെയും പ്രാദേശികസമയത്തിൽ വ്യത്യാസം ഉണ്ടായിരിക്കും. വിവിധ രേഖാംശങ്ങളിൽ ഉൾപ്പെട്ട പ്രദേശങ്ങൾ അതാതിടങ്ങളിലെ പ്രാദേശികസമയം പരിഗണിച്ചാൽ അത് പല അവസരങ്ങളിലും ആശയക്കുഴപ്പം സൃഷ്ടിക്കും. ഈ പ്രതിസന്ധി മറികടക്കാൻ രാജ്യങ്ങളുടെ കേന്ദ്രഭാഗത്തുകൂടി കടന്നുപോകുന്ന രേഖാംശത്തിലെ പ്രാദേശികസമയത്തെ രാജ്യത്ത് മുഴുവൻ പൊതുസമയമായാണ് സാധാരണ കണക്കാക്കുന്നത്. ലോകത്തിലെ ഓരോ രാജ്യവും ഇത്തരത്തിൽ ഏറക്കുറേ മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി പരിഗണിക്കുന്നു. മാനകരേഖാംശത്തിലെ പ്രാദേശികസമയമാണ് ആ രാജ്യത്തിന്റെ മാനകസമയം .

GHSS PUTHOOR

**<u>അന്താരാഷ്ട്ര ദിനാങ്ക രേഖ</u>**

ഒരു രാജ്യത്തിലൂടെ 180'' രേഖാംശരേഖ കടന്നു പോവുകയാണെങ്കിൽ ഈ രേഖയ്ക്ക് കിഴക്കും പടിഞ്ഞാറും വ്യത്യസ്ത ദിനങ്ങളായിരിക്കും. ഇത് സൃഷ്ടിച്ചേക്കാവുന്ന പ്രായോഗിക പ്രശ്നങ്ങളെ ഒഴിവാക്കുന്നതിനായി കരഭാഗങ്ങളിൽ കൂടി കടന്നുപോകാത്തവിധം ഈ രേഖയിൽ ചില ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. മുറിഞ്ഞവരകൾ ഉപയോഗിച്ചാണ് ഈ രേഖാംശരേഖയെ ക്രമീകരിച്ചിരിക്കുന്നത് പസഫിക്,സമുദ്രത്തിലെ ബെറിങ് കടലിടുക്കിലൂടെ കടന്നുപോകും വിധവും ജനവാസമുള്ള ചില ദ്വീപുകളെ ഒഴിവാക്കിയുമാണ് ഈ രേഖ ക്രമീകരിച്ച രിക്കുന്നത്. ഈ രേഖ മുറിച്ചുകടന്ന് പടിഞ്ഞാറോട്ട് പോകുന്ന സഞ്ചാരി കരൾ കലണ്ടറിൽ ഒരുദിവസം കൂട്ടിയും കിഴക്കോട്ട് പോകുന്നവർ ഒരു ദിവസം കുറച്ചും സമയം കണക്കാക്കുന്നു. ഈ സാങ്കൽപ്പികരേഖ അന്താരാഷ്ട്ര ദിനാങ്ക രേഖ എന്നറിയപ്പെടുന്നു.

PRADEEP

GHSS PUTHOOR